കോവിഡ് വ്യാപനം നിലനിന്നിരുന്ന സാഹചര്യത്തിൽ ഓഫീസുകളിൽ ഏർപ്പെടുത്തിയിരുന്ന ക്രമീകരണങ്ങളിൽ/ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചിരിക്കുന്ന സാഹചര്യത്തിൽ നിലവിൽ പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനങ്ങൾക്ക് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവിധ വകുപ്പുകളിലെ ഫയലുകൾ തീർപ്പാക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതി തയ്യാറാക്കുമോ?

(ബി&സി) ജനങ്ങളുമായി നേരിട്ട് സമ്പർക്കം പുലർത്തുന്ന റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളിലെ അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ മുന്തിയ പരിഗണനയാണ് നൽകിവരുന്നത്. ഇതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽ ഒക്ടോബർ 1 മുതൽ 10 വരെ കമ്മീഷണറേറ്റ് തലത്തിലും ഒക്ടോബർ 11 മുതൽ 31 വരെ ജില്ലാതലത്തിലും നവംബർ 1 മുതൽ 30 വരെ താലൂക്ക് തലത്തിലും ഡിസംബർ 1 മുതൽ 31 വരെ വില്ലേജ് തലത്തിലും ഫയൽ അദാലത്ത് സംഘടിപ്പിച്ച് കുടിശ്ശിക ഫയലുകൾ പരമാവധി തീർപ്പാക്കുന്നതിനുള്ള ബൃഹത് പദ്ധതി നടപ്പിലാക്കിവരുന്നു. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കുന്നത് സർക്കാർ പരിശോധിക്കുന്നതാണ്.

മഞ്ചേശ്വരം താലൂക്കിൽ സർക്കാർ ഓഫീസുകൾ

14 (14) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര താലൂക്കുകൾ ഉണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

കേരളത്തിൽ 78 താലൂക്കുകൾ നിലവിലുണ്ട്. തിരുവനന്തപുരം, നെയ്യാറ്റിൻകര, നെടുമങ്ങാട്, ചിറയിൻകീഴ്, വർക്കല, കാട്ടാക്കട, കൊല്ലം, കൊട്ടാരക്കര, കരുനാഗപ്പള്ളി, കുന്നത്തൂർ, പത്തനാപുരം, പുനലൂർ, കോഴഞ്ചേരി, മല്ലപ്പള്ളി, അടൂർ, റാന്നി, തിരുവല്ല, കോന്നി, ചേർത്തല, അമ്പലപ്പുഴ, കുട്ടനാട്, കാർത്തികപ്പള്ളി, മാവേലിക്കര, ചെങ്ങന്നൂർ, കോട്ടയം, ചങ്ങനാശ്ശേരി, കാഞ്ഞിരപ്പള്ളി, മീനച്ചിൽ, വൈക്കം, തൊടുപുഴ, ദേവികുളം, പീരുമേട്, ഉടുമ്പൻചോല, ഇടുക്കി, കണയന്നൂർ, പറവൂർ, ആലുവ, കുന്നത്തുനാട്, കൊച്ചി, മൂവാറ്റുപുഴ, കോതമംഗലം, തൃശ്ശൂർ, മുകുന്ദപുരം, തലപ്പള്ളി, കൊടുങ്ങല്ലൂർ, ചാവക്കാട്, ചാലക്കുടി, കുന്നംകുളം, പാലക്കാട്, ചിറ്റൂർ, ആലത്തൂർ, ഒറ്റപ്പാലം, മണ്ണാർക്കാട്,

LIBRARY ARCHIVES Kerala Legislative Assembly

പട്ടാമ്പി, അട്ടപ്പാടി ഏറനാട്, നിലമ്പൂർ, പെരിന്തൽമണ്ണ, തിരൂർ, പൊന്നാനി, തിരുരങ്ങാടി, കൊണ്ടോട്ടി, കോഴിക്കോട്, വടകര, കൊയിലാണ്ടി, താമരശ്ശേരി, വൈത്തിരി, സുൽത്താൻ ബത്തേരി, മാനന്തവാടി, കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, ഇരിട്ടി, പയ്യന്നൂർ, കാസർഗോഡ്, ഹോസ്ദുർഗ്, മഞ്ചേശ്വരം, വെള്ളരിക്കുണ്ട്.

(ബി) ഓരോ താലൂക്ക് പരിധിയിലുമുള്ള താലൂക്ക്തല സർക്കാർ ഓഫീസുകൾ, സർക്കാർ സ്ഥാപനങ്ങൾ ഏതൊക്കെ ആണെന്ന് വിശദമാക്കാമോ;

(സി) മഞ്ചേശ്വരം താലൂക്ക് പരിധിയിൽ പുതുതായി തുടങ്ങുന്നതിന് പരിഗണനയിലുള്ള സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

വകുപ്പുകൾ തമ്മിലുള്ള ഏകോപനം

15 (15) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളുടെ ഏകോപനക്കുറവുമൂലം വകുപ്പുകൾ തമ്മിൽ നിയമ നടപടി വരെയെത്തുന്നതും കോടതി വ്യവഹാരങ്ങളുണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുള്ളത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പ്രവർത്തനങ്ങൾ പരിശോധിച്ച് സർക്കാർ നയങ്ങൾക്കെതിരെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ചെലവാക്കുന്ന തുക അവരിൽനിന്നും ഈടാക്കുന്നതുമുൾപ്പെടെ എന്ത് നടപടികളാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) സർക്കാരിനുകീഴിലെ ഒരു വകുപ്പ് മറ്റൊരു വകുപ്പിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തുന്നതിനും വകുപ്പുകൾ തമ്മിൽ ചർച്ചകൾ നടത്തി പരിഹാരം കാണുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ/ ബോർഡുകൾ/സ്വയംഭരണസ്ഥാപനങ്ങൾ/തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ചുകൊണ്ട് 23-8-1996-ലെ സ.ഉ.(കൈ)നം.27/96/ഉഭവ., 30-9-2010-ലെ സ.ഉ(എം.എസ്)നം. 35/2010/ഉഭവ. എന്നിവ പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് വകുപ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly